# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.142 06.03.2017 ൽ മറുപടിയ്ക്ക്**

**സമാന്തര സർവ്വീസ് നിയന്ത്രിയ്ക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഐ.ബി.സതീഷ്<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.കെ.കെ.രാമചന്ദ്രൻ നായർ<br>ശ്രീ. കെ.ദാസൻ | | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | സമാന്തര സർവ്വീസ് നടത്തുന്ന വാഹനങ്ങൾക്കെതിരെയുള്ള പരിശോധനകൾ കർശനമാക്കിയിട്ടുണ്ടോ; | (എ) | ഇത്തരം സർവ്വീസുകൾക്കെതിരെ കർശനമായി നടപടികൾ എടുത്തുവരുന്നുണ്ട്. അടുത്ത കാലത്തായി കെ.എസ്.ആർ.ടി.സി. അധികൃതരിൽ നിന്നും ഇത്തരം പരാതികൾ വ്യാപകമായി ലഭിച്ചതിനെത്തുടർന്ന് മോട്ടോർവാഹന വകുപ്പ് തിരുവനന്തപുരത്തും പരിസര പ്രദേശങ്ങളിലും കർശനമായ പരിശോധനകൾ നടത്തി വരുന്നു. സമീപ ജില്ലകളിൽ നിന്നും ജീവനക്കാരെ ഇതേ ആവശ്യത്തിനായി പ്രത്യേകം നിയോഗിച്ചും പോലീസിന്റെ സഹായത്തോടെയും, സമാന്തര സർവ്വീസുകൾക്കെതിരെ ഫലപ്രദവും, ശക്തവുമായ നടപടികൾ സ്വീകരിയ്ക്കുന്നുണ്ട്. |
| (ബി) | സമാന്തര വാഹന മാഫിയയ്ക്കെതിരെ പരിശോധന ശക്തമാക്കിയപ്പോൾ കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിൽ വർദ്ധനവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | സമാന്തര സർവ്വീസുകൾ നിർത്തലാക്കിയ പ്രദേശങ്ങളിൽ കൂടുതൽ ബസുകൾ ഓടിക്കാൻ കെ.എസ്.ആർ.ടി.സി.യ്ക്ക് നിർദ്ദേശം നൽകുമോ; | (സി) | നിലവിൽ ആവശ്യത്തിന് സർവ്വീസുകൾ നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | അന്തർ സംസ്ഥാന പാതകളിൽ പെർമിറ്റില്ലാതെ ഓടുന്ന സ്വകാര്യ ആഡംബര ബസുകളെ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | നടപടികൾ സ്വീകരിച്ചുവരുന്നു. 2017-ൽ നടത്തിയ പരിശോധനകളിൽ 146 വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുകയും, 46 വാഹനങ്ങൾ പിടിച്ചെടുക്കുകയും, വലിയ അളവിൽ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ആ നടപടികൾ തുടരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ